# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5308 | 15..11..2019 -ലെ മറുപടിയ്ക്ക്

**അലിഗഡ് സർവ്വകലാശാല മലപ്പുറം സെന്ററിന്റെ പ്രവർത്തനം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ** | **ഡോ. കെ.ടി. ജലീൽ**<br>**(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | അലിഗഡ് സർവ്വകലാശാലയുടെ മലപ്പുറത്തെ സെന്ററിന്റെ പ്രവർത്തനം കേന്ദ്ര സർക്കാ-രിന്റെ നയത്തിലുള്ള മാറ്റം മൂലം അവതാളത്തിലായി എന്നത് വസ്തുതയാണോ; | (എ) | 2013-ൽ കേന്ദ്രസർക്കാർ 104.93 കോടി രൂപ മലപ്പുറം കേന്ദ്രത്തിന് അനുവദിച്ചിരുന്നു. ഇതിൽ 60 കോടി രൂപയാണ് ആകെ ലഭിച്ചത് (ആദ്യ ഗഡുവായി 45 കോടി ലഭിച്ചതിന് ശേഷം 2015-ൽ 15 കോടിയും ലഭിച്ചു.) 16..05..2018-ൽ എം എച്ച് ആർ ഡി യിൽ നിന്നും അലിഗഡ് രജിസ്ട്രാർക്ക് അയച്ച കമ്മ്യൂണിക്കേഷൻ പ്രകാരം 104.93 കോടി രൂപയിൽ ബാക്കിയുള്ള 44.93 കോടി രൂപ 12-ാമത് പഞ്ചവത്സര പദ്ധതിയുടെ കാലാവധി അവസാനിച്ചത് കാരണം റിലീസ് ചെയ്യാൻ കഴിയില്ലെന്ന് അറിയിച്ചിട്ടുണ്ട്. 2019-ൽ 40 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത സെന്ററിന്റെ ഉപയോ-ഗത്തിനായി സംസ്ഥാന സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര ഏക്കർ ഭൂമി ഇത്തരത്തിൽ നല്കിയെന്ന് അറിയിക്കുമോ ; | (ബി) | ഉണ്ട്. 343 ഏക്കർ |
| (സി) | പ്രസ്തുത ഭൂമി ഉപയോഗപ്രദമാക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചെടുക്കുന്ന കാര്യം സംസ്ഥാന സർക്കാർ പരി-ഗണിക്കുന്നുണ്ടോ? | (സി) | പരിശോധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ